**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2130** **14-10-2024 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ കിഫ്ബി മുഖേന കിറ്റ്കോ നിർവഹണ ഏജൻസിയായി നിർമ്മിക്കേണ്ട കെട്ടിടത്തിന്റെ നിർമ്മാണ നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ; | (എ) | തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ കെട്ടിട നിർമ്മാണത്തിനായി 13.79 കോടി രൂപയുടെ പുതുക്കിയ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ എസ്.പി.വി. സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെങ്കിലും അനുമതികൾ ലഭ്യമാക്കാനുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളിൽ നിന്നാണെന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും Building Permit ലഭിക്കേണ്ടതുണ്ട്. ആയത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ